# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2119 — 07.12.2015 ന് മറുപടിയ്ക്ക്.

**മംഗളാദേവിയിലെ കണ്ണകി ക്ഷേത്രം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) പൂർണ്ണമായും കേരളത്തിനുള്ളിലുള്ളതും പെരിയാർ കടുവാ സങ്കേതത്തിനുള്ളിലുള്ളതുമായ മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിലേക്ക് വർഷം മുഴുവൻ പ്രവേശനത്തിന് അനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) പെരിയാർ കടുവാ സങ്കേതത്തിന്റെ ബഫർ സോണിൽ ഉൾപ്പെട്ടിട്ടുള്ള മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിന്റെ സംരക്ഷണവും, ക്ഷേത്രത്തിലേയ്ക്ക് വർഷം മുഴുവൻ പ്രവേശനത്തിന് അനുവാദവും നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കമ്പം ആസ്ഥാനമായ മംഗളാദേവി കണ്ണകി ട്രസ്റ്റ് ബഹു. കേരളാ ഹൈക്കോടതിയിൽ WP(C)No.14853/14 നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആയത് കോടതിയുടെ അന്തിമ തീർപ്പായിട്ടില്ലാത്തതുമാണ്. |
| (ബി) പ്രസ്തുത ഭാഗം തമിഴ് നാടിന്റേതാണെന്നുള്ള അവകാശവാദം ഉന്നയിയ്ക്കപ്പെട്ടിട്ടുണ്ടോ ; തമിഴ് നാടിന്റെ പ്രസ്തുത നീക്കത്തെ ചെറുക്കുന്നതിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകൾ നിസ്സംഗത പാലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) പ്രസ്തുത ഭാഗം തമിഴ് നാടിന്റേതാണെന്നുള്ള അവകാശവാദം ഉന്നയിയ്ക്കപ്പെട്ടിട്ടില്ല. മംഗളാദേവി ക്ഷേത്രവും ക്ഷേത്രത്തിലേക്കുള്ള നടപ്പാതയും പെരിയാർ കടുവാ സങ്കേതത്തിന്റെ ബഫർ സോണിലും സമീപ വനഭാഗം പെരിയാർ കടുവാ സങ്കേതത്തിന്റെ കോർ സോണിലും ഉൾപ്പെടുന്നു. മാത്രമല്ല പ്രസ്തുത വനഭാഗം കടുവ, വരയാട്, കാട്ടുപോത്ത് തുടങ്ങിയ വന്യജീവികളുടെ ആവാസവ്യവസ്ഥയും കൂടിയായതിനാൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ടി കേസിൽ യഥാസമയം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുള്ളതുമാണ്. കേസ്സ് നടത്തിപ്പിന്റെ കാര്യത്തിൽ വനം വകുപ്പിന്റെ ഭാഗത്തു നിന്നും യാതൊരുവിധ വീഴ്ചയും ഉണ്ടായിട്ടില്ല. |
| (സി) എങ്കിൽ പ്രസ്തുത കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ